**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ : 0477-2251349; ഇ-മെയിൽ: prdalppy@gmail.com, വെബ്സൈറ്റ്: www.prd.kerala.gov.in**

---

**പത്രക്കുറിപ്പ്   ഭരണഭാഷ മാതൃഭാഷ   2018   ജൂലൈ   10  ചൊവ്വ**

---

# പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കും : മന്ത്രി സി.രവീന്ദ്രനാഥ്

ചെങ്ങന്നൂർ : സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ കേന്ദ്രങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുകയാണെന്ന് വിദ്യാഭ്യാസമന്ത്രി സി. രവീന്ദ്രനാഥ്. പെണ്ണുക്കര ഗവ.യു.പി സ്കൂൾ ശതാബ്ദി സ്മാരക മന്ദിരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ്. ഒന്ന്, അഞ്ച്, എട്ട് ക്ലാസുകളിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ വിദ്യാർഥികൾ സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം നേടിയത് ഏറ്റവും വലിയ മാറ്റമാണെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. നമ്മുടെ പൊതുവിദ്യാലയങ്ങളിൽ ഇതിനകം 45000 സ്മാർട്ട് ക്ലാസ് റൂമുകളായെന്നും അദ്ദേഹം പറഞ്ഞു.

മുളക്കുഴ ഗവ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ മികവിന്റെ പ്രഖ്യാപനവും ചെങ്ങന്നൂർ വിദ്യാഭ്യാസ ഉപജില്ല കെട്ടിട സമുച്ചയത്തിന്റെ തറക്കല്ലിടൽ കർമ്മവും വിദ്യാഭ്യാസമന്ത്രി നിർവഹിച്ചു. സജി ചെറിയാൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു. ജില്ല പഞ്ചായത്ത് പ്രസിഡന്റ് ജി. വേണുഗോപാൽ, മുൻ എം.എൽ.എ. പി.സി.വിഷ്ണുനാഥ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എൻ.സുധാമണി, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് രശ്മി രവീന്ദ്രൻ, എം.എച്ച്. റഷീദ്, ജി.വിവേക്, എ.ഇ.ഒ. ബി.ബിന്ദു, വി. വേണു, കൃഷ്ണകുമാർ എന്നിവർ വിവിധ യോഗങ്ങളിൽ പങ്കെടുത്തു.

(പി.എൻ.എ. 1638/2018)

# പുതുതലമുറ കൃഷിയിലേക്കിറങ്ങണം: മന്ത്രി ജി.സുധാകരൻ

ഭരണിക്കാവ്: പുതുതലമുറ കൃഷിയിലേക്ക് ഇറങ്ങണമെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരൻ പറഞ്ഞു. ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ കറ്റാനം റസ്റ്റ് ഹൗസിൽ തുടങ്ങിയ കാർഷിക പ്രദർശനത്തോട്ടം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ആധുനിക യുവത്വം ഇന്ന് കൃഷിക്ക് വേണ്ടത്ര പരിഗണ കൊടുക്കുന്നില്ല.

ലാഭമില്ലെന്ന് പറഞ്ഞ് കൃഷിയെ ഉപേക്ഷിക്കുന്നവർ അതിനു പകരം കൃഷിയെ എങ്ങനെ ലാഭകരമാക്കാം എന്നാണു ചിന്തിക്കേണ്ടത്. ഇതിനു വേണ്ട എല്ലാ സഹായവും ഹരിതകേരളം പദ്ധതി പ്രകാരം ലഭ്യമാണ്. കാടുപിടിച്ചു കിടന്ന ഒന്നര ഏക്കർ സ്ഥലത്ത് ഇങ്ങനെയൊരു പദ്ധതി കൊണ്ടു വന്നതിലൂടെ അസാധ്യമായതൊന്നുമില്ല എന്നു തെളിയിക്കുകയാണ് ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തെന്നും ഇത് ഹരിതകേരളം പദ്ധതിയുടെ വിജയമാണെന്നും മന്ത്രി പറഞ്ഞു.

യോഗത്തിൽ യു.പ്രതിഭ എം.എൽ.എ. അധ്യക്ഷത വഹിച്ചു. കൃഷിയിലും സംസ്കാരത്തിലും സമ്പന്നമായ ഓണാട്ടുകരയിലെ ജനങ്ങളെ വീണ്ടും കൃഷിയിലേക്ക് ആകർഷിക്കുന്ന പദ്ധതിയാണിതെന്നും ഓണാട്ടുകരയിലെ കൃഷി സംസ്ഥാനത്തിനു തന്നെ മാതൃകയാണെന്നും എം.എൽ.എ പറഞ്ഞു. ആർ. രാജേഷ് എം.എൽ.എ. പച്ചക്കറി തൈകളുടെ വിതരണോത്ഘാടനം നിർവ്വഹിച്ചു. 4.56 ലക്ഷം രൂപ ചെലവിലാണ് കാർഷിക പ്രദർശനത്തോട്ടം നിർമ്മിച്ചത്. പച്ചക്കറികൾ, ഫലവൃക്ഷതൈകൾ, വിവിധം തരം ചെടികൾ എന്നിവയുടെ തൈകൾ ഇവിടെ ലഭ്യമാണ്. നിലവിൽ 15,000 തൈകളാണ് വിപണനത്തിനായി തയ്യാറാക്കിയിട്ടുള്ളത്.

ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രജനി ജയദേവ്, വൈസ് പ്രസിഡന്റ് എം.കെ. വിമലൻ, വിവിധ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ പ്രൊഫ. വി. വാസുദേവൻ, അശോകൻ നായർ, വി.ഗീത, ശാന്ത ഗോപാലകൃഷ്ണൻ, ഓമന വിജയൻ, ജില്ല പഞ്ചായത്തംഗം സുമ, ബ്ലോക്ക് പഞ്ചായത്തംഗംങ്ങളായ ഗീത മധു, നൗഷാദ്, രമ ഉണ്ണികൃഷ്ണൻ, ലില്ലി ഗോപാലകൃഷ്ണൻ, ബി.ഡി.ഒ. ശ്രീലേഖ എന്നിവർ പ്രസംഗിച്ചു. എക്സിക്യൂട്ടീവ് എഞ്ചിനീയർ വി.വി.അജിത്ത് കുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. ഏലിയാമ്മ വി. ജോൺ പദ്ധതി വിശദീകരിച്ചു. വിവിധ മേഖലകളിൽ കഴിവു തെളിയിച്ചവരെ ചടങ്ങിൽ മന്ത്രി ജി.സുധാകരൻ ആദരിച്ചു.

(പി.എൻ.എ. 1639/2018)

## മൂന്നു താലൂക്കുകളിൽ ഇന്ന് അവധി

ആലപ്പുഴ: കടുത്ത മഴ തുടരുന്നതിനാൽ ജില്ലയിലെ അമ്പലപ്പുഴ, കുട്ടനാട്, ചേർത്തല താലൂക്കുകളിലെ പ്രൊഫഷണൽ കോളേജുകൾ ഒഴികെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ല കളക്ടർ ഇന്ന് (ജൂലൈ 11) അവധി പ്രഖ്യാപിച്ചു. അങ്കണവാടികളിലെ കുട്ടികൾക്കും ഇന്ന് അവധിയായിരിക്കുമെങ്കിലും അങ്കണവാടികൾ തുറന്നു പ്രവർത്തിക്കണമെന്ന് ഉത്തരവുണ്ട്. ഇന്നത്തെ അവധിക്കു പകരം ഈമാസം 21ന് പ്രവൃത്തിദിവസമായിരിക്കുമെന്ന് കളക്ടർ അറിയിച്ചു.

(പി.എൻ.എ. 1640/2018)

## // അവസാനിച്ചു //